കെ.എസ്.ആർ.ടി.സി.-യുടെ അന്തർ സംസ്ഥാന സർവ്വീസുകൾ

103 [1242] ശ്രീ. കെ. സി. വേണുഗോപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. എത്ര അന്തർ സംസ്ഥാന സർവ്വീസുകൾ നടത്തുന്നുണ്ട്;

(ബി) ഇവ എത്രത്തോളം ലാഭകരമാണ്;

(സി) ഈ സർവ്വീസുകൾക്ക് ലക്ഷ്വറി ബസ്സുകൾ ഉപയോഗിക്കുന്നുണ്ടോ; എങ്കിൽ എത്ര എണ്ണം;

(ഡി) യാത്രക്കാരുടെ സൗകര്യാർത്ഥം ദീർഘദൂര സർവ്വീസുകൾക്ക് കൂടുതൽ ലക്ഷ്വറി ബസ്സുകൾ നിരത്തിലിറക്കുവാൻ കെ.എസ്.ആർ.ടി.സി. തയ്യാറാകുമോ?

ഉത്തരം

(എ, ബി) 263 സർവ്വീസുകൾ. ഇതിൽ എല്ലാ അന്തർ സംസ്ഥാന സർവ്വീസുകളും ലാഭകരമല്ല.

(സി) ഉണ്ട്. 4 എണ്ണം.

(ഡി) പരിഗണനയിലുണ്ട്.

തീർത്ഥാടന സ്പെഷ്യൽ ബസ്സുകൾ

104 [1243] ശ്രീ. ഷിബു ബേബിജോൺ:
,, ജോണി നെല്ലൂർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തീർത്ഥാടന കേന്ദ്രങ്ങളെ ബന്ധിപ്പിച്ചുകൊണ്ട് തീർത്ഥാടന സ്പെഷ്യൽ ബസ്സുകൾ നിരത്തിലിറക്കുവാൻ കെ.എസ്.ആർ.ടി.സി. എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിന്റെ വിശദാംശം വെളിപ്പെടുത്താമോ?

ഉത്തരം

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

കെ.എസ്.ആർ.ടി.സി.-ക്കുണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് നഷ്ടപരിഹാരത്തിന് നടപടി

105 [1244] ശ്രീ. എ. സുജനപാൽ:
,, എഴുകോൺ നാരായണൻ:
,, സി. പി. മുഹമ്മദ്:
,, പി. ടി. തോമസ്:
,, ഇ. എം. അഗസ്തി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly